## വിഹിതമടയ്ക്കാൻ വൈകിയത് ദുരുദ്ദേശ്യത്തോടെയല്ല എന്ന കാരണത്താൽ പലിശ ഒഴിവാക്കാനാവില്ല

### കേരള ഹൈക്കോടതി

W.P. (C) No. 9480/2019 Dt. 4.2.2020

കേരള മിനറൽസ് ഏന്റ് മെറ്റൽസ് ലിമിറ്റഡ്
X
റീജണൽ പ്രോവിഡന്റ് ഫണ്ട്
കമ്മീഷണർ

ഇ.പി.എഫ്. നിയമം ബാധകമായ ഗവൺമെന്റ് കമ്പനിയാണ് കൊല്ലത്ത് സ്ഥിതിചെയ്യുന്ന കേരള മിനറൽസ് ഏന്റ് മെറ്റൽസ്. എന്നാൽ കേരള സർക്കാർ ഈ സ്ഥാപനത്തിന് ഇ.പി.എഫ്. നിയമത്തിൽ നിന്ന് ഒഴിവ് നല്കി. കാരണം, സ്ഥാപനത്തിന് സ്വന്തമായി പ്രോവിഡന്റ് ഫണ്ട് പദ്ധതിയുണ്ട്. അപ്രകാരമിരിക്കെ 1995-ൽ ഇ.പി.എഫ്.ഒ. പെൻഷൻ പദ്ധതി തുടങ്ങിയപ്പോൾ കമ്പനി അതിൽ തൊഴിലാളികളെ ചേർത്തി. അന്ന് മുതൽ 2009 വരെ ഏറെക്കുറെ കൃത്യമായി വിഹിത മടച്ചുവന്ന കമ്പനി 2009 മുതൽ പലപ്പോഴും കാലതാമസം വരുത്താൻ തുടങ്ങി. 2009 മുതൽ 2011 വരെയുള്ള വിഹിതമടച്ചത് 2011 നവംബറിലും 2014 മുതൽ 2015 വരെയുള്ള വിഹിതമടച്ചത് 2016-ലുമാണ്. 2009-2011 കാലയളവിലെ വിഹിതമടയ്ക്കാൻ വൈകിയത് ശമ്പള പരിഷ്കരണ പ്രക്രിയ പൂർത്തിയാകാൻ വൈകിയതുകൊണ്ടും 2014-2015 കാലയളവിലെ വിഹിതമടയ്ക്കാൻ വൈകിയത് ക്ഷാമബത്ത സംബന്ധിച്ച് ഉത്തരവ് സർക്കാരിൽ നിന്ന് ലഭിക്കാൻ താമസിച്ചതുകൊണ്ടുമാണ്. കമ്പനി വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ട ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന് പലിശ ചുമത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ആകെ 26 ലക്ഷത്തോളം രൂപ പലിശയായി അടയ്ക്കണമെന്നാണ് ഉത്തരവിൽ വ്യക്തമാക്കിയത്. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ശമ്പള പരിഷ്കരണം നിലവിൽ വന്നയുടനെയും ക്ഷാമബത്ത സംബന്ധിച്ച ഉത്തരവ് വന്നയുടനെയും കുടിശിക മുഴുവൻ അടച്ചുതീർത്തുവെന്നും പലിശ ചുമത്തിയത് ശരിയല്ലെന്നും കമ്പനി വാദിച്ചു. കൂടാതെ കുടിശിക വരുത്തിയത് ദുരുദ്ദേശ്യത്തോടെയോ മനഃപൂർവ്വമോ അല്ലെന്നും അതിനാൽ പലിശ ചുമത്തിയത് അന്യായമാണെന്നും കമ്പനി ഹൈക്കോടതിയിൽ ബോധിപ്പിച്ചു. ഓരോ മാസത്തെയും വിഹിതം അടുത്ത മാസം 15-ാം തീയതിക്കുള്ളിൽ അടയ്ക്കാൻ സ്ഥാപനം ബാധ്യസ്ഥമാണെന്നും വിഹിതമടയ്ക്കാൻ കാലതാമസമുണ്ടായത് ഏത് കാരണത്താലായാലും പലിശ നല്കാൻ സ്ഥാപനം ബാധ്യസ്ഥമാണെന്നും ഇ.പി.എഫ്. കമ്മീഷണർ ചൂണ്ടിക്കാട്ടി. തൊഴിലുടമ എപ്പോൾ വിഹിതമടച്ചാലും ഇ.പി.എഫ്.ഒ. തൊഴിലാളികൾക്ക് പലിശ നല്കാൻ കടപ്പെട്ടിട്ടുണ്ടെന്നും അതിനാൽ പലിശ നല്കാനുള്ള ബാധ്യതയിൽ നിന്ന് സ്ഥാപനത്തിന് ഒഴിവ് നല്കാനാവില്ലെന്നും ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. പലിശ ചുമത്തിയതിനെതിരെ അപ്പീൽ നല്കാനുള്ള വ്യവസ്ഥ പോലും നിയമത്തിൽ ഇല്ലെന്ന കാര്യം ഹൈക്കോടതി ഓർമ്മിപ്പിച്ചു. വിഹിതമടയ്ക്കാൻ വൈകിയതിൽ ദുരുദ്ദേശ്യമുണ്ടോ ഇല്ലയോ എന്നത് പലിശ ചുമത്തുന്ന കാര്യത്തിൽ പ്രസക്തമല്ലെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവിൽ ഇടപെടാനാവില്ലെന്ന് വ്യക്തമാക്കുകയും കമ്പനിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.